# ദൈവവും സൃഷ്ടിയും

## എബ്രായർ 11:3

"ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു; അങ്ങനെ, ഈ കാണുന്നവയെല്ലാം ദൃശ്യമായതിൽനിന്നല്ല ഉളവായത് എന്നു നാം വിശ്വാസത്താൽ അറിയുന്നു."

ഇന്ന് ദൈവത്താൽ നിർമ്മിതമായ മനുഷ്യൻ അവന്റെ സ്വന്തബുദ്ധിയാൽ ഈ ലോകത്തിന്റെയും ലോകത്തിലുള്ളതിന്റെയും എന്തിന് മനുഷ്യരാശിയുടെ തന്നെ ഉറവിടം തേടി പരക്കം പായുകയാണ്. ശാസ്ത്രപരമായ പല കണ്ടെത്തലുകളും ഇന്നു മനുഷ്യൻ അവനു ലഭ്യമായ വസ്തുവകകളിൽ നിന്നും വേർതിരിച്ചെടുത്തതാണ്. എന്നാൽ അതിന്നു അവനു ലഭിച്ച ഈ വസ്തുവകകളുടെ ശ്രോതസ്സ് ഏതെന്നു ചോദിച്ചാൽ ഇന്നു ശാസ്ത്രം ഇരുട്ടിൽ തപ്പുന്ന അവസ്ഥയാണ്. അവിടെയാണ് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു; അങ്ങനെ, ഈ കാണുന്നവയെല്ലാം ദൃശ്യമായതിൽനിന്നല്ല ഉളവായത് എന്ന്. ഒന്നു ചിന്തിച്ചു നോക്കിക്കേ; ദൈവം തന്റെ വായിൻ വചനത്തിൽ നിന്നാണ് ഈ കാണുന്നതിനെ ഒക്കെയും സൃഷ്ടിച്ചത് എന്ന് നാം ഉൽപത്തി പുസ്തകത്തിൽ വായിക്കുന്നു. അവിടെ തന്റെ കൈയ്യുടെ വിരുതിനാൽ ദൈവം മനുഷ്യനെ മെനഞ്ഞെടുക്കുകയാണുണ്ടായത്. തന്റെ സ്വരൂപത്തിൽ മെനഞ്ഞുണ്ടാക്കിയ അവന് ദൈവം തന്റെ സ്വന്ത ശ്വാസത്തിലൂടെ ജീവൻ പകർന്നു നൽകി. എന്നാൽ ഇന്ന് ഈ ജീവന്റെ സ്വാതന്ത്ര്യം അനുഭവിക്കുന്ന മനുഷ്യൻ തന്റെ തന്നെ ഉറവിടം ചികഞ്ഞെടുക്കാൻ ശ്രമിക്കുകയാണ്. സങ്കീർത്തനങ്ങളിൽ ദൈവം നമ്മെ ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമുണ്ട് "ഏതു മനുഷ്യനും ഉറെച്ചു നിന്നാലും ഒരു ശ്വാസമത്രേ" (സങ്കീർത്തനം 39:5).

പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചും, ത്രിത്വൈക ദൈവത്തെക്കുറിച്ചുമൊക്കെ ഇന്നു പല സഭകളിലും പല പഠിപ്പിക്കലുകളും നമുക്ക് കാണാം. എന്നാൽ വി.വേദപുസ്തകത്തിൽ ദൈവത്തിന്റെ വചനം നമ്മെ പഠിപ്പിക്കുന്ന കാര്യം വളരെ വ്യക്തവും അനാദി മുതലേ ഉള്ള ത്രിത്വത്തിന്റെ സാന്നിധ്യവുമാണ്.

ഉൽപത്തി 1:1 ൽ പറയുന്നു "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"

ഉൽപത്തി 1:2 ൽ പറയുന്നു "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ വ്യാപരിച്ചു കൊണ്ടിരുന്നു."

കൊലൊസ്യർ 1:15–17 ൽ പറയുന്നു "ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും സകല സൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള ദൃശ്യവും അദൃശ്യവും ആയ സകലവും, സിംഹാസനങ്ങളോ കർത്തൃത്വങ്ങളോ വാഴ്ചകളോ അധികാരങ്ങളോ എല്ലാം തന്നേ ക്രിസ്തു മുഖാന്തരവും ക്രിസ്തുവിന്നായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് എല്ലാറ്റിനും മുമ്പേ ഉള്ളവൻ; സകലത്തിനും അവിടുന്ന് ആധാരമായിരിക്കുന്നു."

ഇന്നു നമ്മൾ ഈ ലോകത്തിൽ ഓരോ ദിവസവും ഉണർന്നെഴുന്നേൽക്കുമ്പോൾ പ്രിയ വിശ്വാസിയേ, നിന്നെ സൃഷ്ടിച്ചതും നിനക്കു ജീവൻ നൽകിയതും നിന്റെ സകല പാപത്തിന്നും മറുവിലയായി തന്റെ ഏകജാതനെ ഈ ലോകത്തിലേക്കയച്ച് അവനെ ബലിയർപ്പിച്ചതും ഇനിയും അവന്റെ രണ്ടാം വരവിന്നായി ഒരുങ്ങി നിൽപ്പാൻ തക്കവണ്ണം ആ ദിനം വരെയും നമ്മെ നയിപ്പാൻ തന്റെ ആത്മാവിനെ നമുക്ക് അച്ചാരമായി തന്നിരിക്കുന്നതും ഈ ദൈവത്തിന്റെ അളവില്ലാത്ത കൃപയും അവന്റെ മഹാദയയൊന്നുമാണെന്ന കാര്യം നാം മറന്നു പോകരുത്. അതുകൊണ്ട് നിനക്കു ദാനമായി ലഭിച്ച ജീവിതം അവന്നു വേണ്ടി പൂർണ്ണമായി സമർപ്പിച്ച് അവന്റെ വേലയിൽ ദിനം പ്രതി മുന്നേറാം. അവന്റെ രാജ്യത്തിനായി ഒരുങ്ങി നിൽക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:
സങ്കീർത്തനങ്ങൾ 107:42–43
നേരുള്ളവർ ഇതു കണ്ടു സന്തോഷിക്കും; എന്നാൽ എല്ലാ അധർമ്മികളും വായ്പൊത്തും. ജ്ഞാനമുള്ളവൻ ഈ കാര്യങ്ങൾ ശ്രദ്ധിക്കട്ടെ; യഹോവയുടെ മഹാകാരുണ്യത്തെപ്പറ്റി അവൻ ചിന്തിക്കട്ടെ.

ബ്രദർ ബിനു ബേബി ആലപ്പുഴ 060